# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6772** **11-07-2024 - ൽ മറുപടിയ്ക്ക്**

## പട്ടയ രേഖകളോ പകർപ്പോ ഇല്ലാത്തതിനാൽ വായ്പ എടുക്കാനാകാത്ത സാഹചര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്‌കുമാർ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി താലൂക്കിലെ കൊടകര വില്ലേജിൽ നാട്ടുകുന്ന് എന്ന പ്രദേശത്തെ ഇരുപത്തിയഞ്ചോളം കുടുംബങ്ങൾക്ക് പട്ടയരേഖകളോ പകർപ്പോ കൈവശമില്ലാത്തതിനാൽ ബാങ്കുകളിൽ നിന്നോ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ വായ്പ എടുക്കാനാകാത്ത സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊടകര വില്ലേജിൽ നാട്ടുകുന്ന് പ്രദേശത്ത് സർവ്വെ 1684-ൽ ഉൾപ്പെട്ട ഏകദേശം 25 ഓളം കുടുംബക്കാർക്ക് പട്ടയ രേഖകളോ പകർപ്പോ കൈവശമില്ലാത്തതാണ്. ചില കൈവശക്കാരുടെ ആധാരങ്ങളിൽ JP പട്ടയം എന്ന് പരാമർശിക്കുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച പട്ടയ ഫയലോ മറ്റ് ആധികാരിക രേഖകളോ ജില്ലാ കളക്ടറേറ്റിൽ ലഭ്യമല്ലായെന്നും നിലവിൽ എല്ലാവരും നികുതി അടച്ച് വരുന്നതായും എന്നാൽ ആധികാരിക രേഖകൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ കക്ഷികൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാനാവാത്ത സാഹചര്യം നിലവിലുണ്ട്. |
| (ബി) | മുൻപ് ഈ പ്രദേശത്ത് ജൂബിലി പട്ടയം എന്ന പേരിൽ പട്ടയം വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ചില കൈവശക്കാരുടെ ആധാരങ്ങളിൽ JP പട്ടയം എന്ന് പരാമർശിക്കുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച പട്ടയ ഫയലോ മറ്റ് ആധികാരിക രേഖകളോ ലഭ്യമല്ല. കൊടകര വില്ലേജ് സർവ്വെ 1684-ൽ 1 മുതൽ 9 വരെ, 16 മുതൽ 19 വരെ, 21 മുതൽ 26 വരെ, 27 മുതൽ 29 വരെ, 30 മുതൽ 40 വരെ പുരയിടമായി പതിഞ്ഞിട്ടുള്ളതും, അവയിൽ JP 1,2,3 etc എന്നിങ്ങനെ പട്ടയ നമ്പരും പട്ടയദാരുടെ പേരും ബി.ടി.ആറിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. സർവ്വെ 1684/31 ൽ 6 സെന്റ് ഭൂമിക്ക് നിലവിലെ കൈവശക്കാരന്റെ പേരിൽ തൃശ്ശൂർ ലാന്റ് ട്രിബ്യൂണലിൽ നിന്നും ക്രയ സർട്ടിഫിക്കറ്റും, ബി.ടി.ആർ. പ്രകാരം പുറമ്പോക്ക് ആയി കാണുന്ന സർവ്വെ 1684/12, 13, 14എന്നിവയിൽ തൃശ്ശൂർ ലാന്റ് അസൈൻമെന്റ് ഓഫീസിൽ നിന്നും 1980 ൽ LA(P) പട്ടയവും നല്കിയിട്ടുണ്ട്. മറ്റ് ചില കൈവശക്കാർക്ക് കൈവശം തെളിയിക്കുന്നതിന് മതിയായ പട്ടയമോ ആധാരമോ കൈവശമില്ലാത്തതുമാണ്. |
| (സി) | നികുതി അടച്ച് കൈവശം വച്ച് അനുഭവിക്കുന്ന ഭൂമിക്ക് പട്ടയ രേഖകളോ പകർപ്പോ | (സി) | ബി.ടി.ആർ. പ്രകാരം പുരയിടമായി പതിഞ്ഞിട്ടുള്ള ഭൂമികൾക്ക് നിലവിലെ കൈവശക്കാരുടെ പേരിൽ |

| | | | |
|---|---|---|---|
| | കൈവശമില്ലാത്തതിനാൽ പ്രതിസന്ധിയിലായ ഈ കുടുംബങ്ങളുടെ വിഷയം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | | ഉടമസ്ഥതാ രേഖ നൽകുന്നതു സംബന്ധിച്ച് നിയമപരമായ പരിശോധനകൾ ആവശ്യമാണ്. പബ്ലിക് നോട്ടീസ് നൽകി നിലവിലുള്ള പട്ടയം റദ്ദ് ചെയ്ത് അർഹരായവർക്ക് പട്ടയം നല്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ